പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1893 04.12.2018-ലെ മറുപടിക്ക്

## നെയ്യാറ്റിൻകര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിപാലനം

ചോദ്യം

ശ്രീ.കെ. ആൻസലൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ പണിത ഷോപ്പിംഗ് കോംപ്ലക്സിൽ എല്ലാ ഷോപ്പുകളും വാടകയ്ക്ക് നൽകിയിട്ടുണ്ടോ; ഈ ഷോപ്പിംഗ് കോംപ്ലക്സ് പ്രവൃത്തി പൂർത്തീകരിച്ചതിന് എത്ര കോടി രൂപയാണ് ചെലവായത് എന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ ഷോപ്പുകളും വാടകയ്ക്ക് നൽകിയിട്ടില്ല.<br>നെയ്യാറ്റിൻകര ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ആകെ 4.09 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിസരം വൃത്തിഹീനമായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന്റെ പരിപാലന ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിപാലന ചുമതല നെയ്യാറ്റിൻകര യൂണിറ്റാഫീസർക്കാണ് നൽകിയിരിക്കുന്നത്. |
| (സി) | ഷോപ്പിംഗ് കോംപ്ലക്സും പരിസരവും വൃത്തിയായി പരിപാലിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഷോപ്പിംഗ് കോംപ്ലക്സും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് യൂണിറ്റാഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**